## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തികവർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാരണ) നം. 1209/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06.05.2013.

---

പരാമർശം:- 1) 21.01.2012-ലെ സ.ഉ.(സാധാ.) നം. 246/2012/ത.സ്വ.ഭ.വ.
2) 23.06.2012-ലെ സ.ഉ.(സാധാ.) നം. 1709/2012/ത.സ്വ.ഭ.വ.
3) 23.08.2012-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.18 നമ്പർ തീരുമാനം.
4) 23.01.2013-ലെ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.1.18 നമ്പർ തീരുമാനം.
5) 06.02.2013-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.1.3 നമ്പർ തീരുമാനം.
6) കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് നമ്പർ 1906/എ4/2013/കെ.എസ്.എസ്.എം. തീയതി: 22.04.2013.

**ഉത്തരവ്**

സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളായ ആശ്വാസ കിരണം, ക്യാൻസർ സുരക്ഷ, താലോലം, ശ്രുതിതരംഗം, സ്നേഹപൂർവ്വം, തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിന് സർക്കാരിൽ നിന്നും അനുവദിച്ച് ലഭിക്കുന്ന തുക അപര്യപ്തമാണ്. സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന ടി പദ്ധതികളുടെ പ്രയോജനം അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കുന്നതിന് സമൂഹത്തിലെ സുമനസ്സുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫണ്ട് സ്വരൂപിക്കാറുണ്ട്.

2. സൂചന ഒന്നിലെ ഉത്തരവ് പ്രകാരം 2011-12 വർഷത്തിൽ ജില്ലാ പഞ്ചായത്ത് / കോർപ്പറേഷനുകളിൽ നിന്നും 10 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്ത് /

മുനിസിപ്പാലിറ്റികളിൽ നിന്നും 5 ലക്ഷം രൂപ വീതവും ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 1 ലക്ഷം രൂപ വീതവും കേരള സാമൂഹ്യ സുരക്ഷാ മിഷന് സംഭാവനയായി നൽകുന്നതിന് അനുമതി നൽകിയിരുന്നു. 2012-13 വർഷത്തിൽ പ്രസ്തുത സംഭാവനയുടെ നിരക്ക് യഥാക്രമം 25 ലക്ഷം രൂപ, 10 ലക്ഷം രൂപ, 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ച്കൊണ്ട് സർക്കാർ സൂചന രണ്ടിൽ ഉത്തരവാകുകയും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന ലഭിക്കുകയുമുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി ലഭിച്ച തുക കൂടി വിനിയോഗിച്ച് ടി പദ്ധതി ആനുകൂല്യങ്ങൾ പരമാവധി ഗുണഭോക്താക്കൾക്ക് നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

3. മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളെ അനാഥരായി ഓർഫണേജുകളിൽ അടയ്ക്കപ്പെടാതെ സ്വഭവനങ്ങിൽ അഥവാ ബന്ധുഭവനങ്ങളിൽ താമസിച്ച് വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിന് പ്രതിമാസ ധനസഹായം അനുവദിക്കുന്ന സ്നേഹപൂർവ്വം പദ്ധതി കഴിഞ്ഞ വർഷത്തിൽ ആവിഷ്ക്കരിച്ച് , നടപ്പാക്കുന്നതിന് പ്രചോദനമായത് പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സംഭാവനയാണ്. കിഡ്നിക്ക് തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിലേർപ്പെടുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന സമാശ്വാസം പദ്ധതിയ്ക്കും നടപ്പു വർഷം രൂപം നൽകി കഴിഞ്ഞു. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കു വേണ്ടി കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനും തുടർന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വവും സംഭാവനയും അത്യാവശ്യമാണ്.

4. അതിനാൽ 2013-14 സാമ്പത്തിക വർഷത്തിലും തുടർന്നുള്ള വർഷങ്ങളിലും മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടി സൂചന രണ്ടിലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതിൽ കുറയാത്ത തുക സംഭാവനയായി അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നതാണ് പരാമർശം ആറിലെ കത്തിലെ അഭ്യർത്ഥന.

5.സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം അഞ്ചിലെ തീരുമാന പ്രകാരം അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാമിഷന്റെ ആഭിമുഖ്യത്തിൽ അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് / കോർപ്പറേഷൻ 25 ലക്ഷം രൂപ .(ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം)

ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) ഗ്രാമ പഞ്ചായത്തുകൾ 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) എന്ന പരമാവധി നിരക്കിൽ എല്ലാ സാമ്പത്തിക വർഷവും തനത് / പ്ലാൻ ഫണ്ടിൽ നിന്നും അവയുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിന് വിധേയമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേമെന്റ് ഗേറ്റ്‌വേയിലേക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

6. കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംഭാവന നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്).
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും **"സാംഖ്യ"** സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനും)
തദ്ദേശസ്വയംഭരണ (ഡി.എ.) / (എസ്.ആർ.ജി.) വകുപ്പ്.
ധനകാര്യ (എസ്.എഫ്.സി) വകുപ്പ്.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.